**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1918** **09-12-2022 - ൽ മറുപടിയ്ക്ക്**

**അമ്പലപ്പുഴ സർക്കാർ കോളേജ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എച്ച്. സലാം | | ഡോ. ആർ ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | അമ്പലപ്പുഴ സർക്കാർ കോളേജ് പ്രവർത്തനം ആരംഭിച്ചത് ഏത് വർഷമാണെന്നും ഏതൊക്കെ കോഴ്സുകളിലായി എത്ര വിദ്യാർത്ഥികൾ ഇവിടെ പഠനം നടത്തുന്നുണ്ടെന്നും വ്യക്തമാക്കുമോ; | (എ) | 2010 ൽ പ്രവർത്തനമാരംഭിച്ച അമ്പലപ്പുഴ സർക്കാർ ആർട്സ് & സയൻസ് കോളേജിൽ ബി.എ. ഇക്കണോമിക്സിൽ 144 വിദ്യാർത്ഥികളും ബി.കോമിൽ 152 വിദ്യാർത്ഥികളും ബി.എസ്.സി. മാത്തമാറ്റിക്സിൽ 38 വിദ്യാർത്ഥികളും എം.എ.ഇംഗ്ലീഷിൽ 45 വിദ്യാർത്ഥികളും എം.എ.ഇക്കണോമിക്സിൽ 25 വിദ്യാർത്ഥികളും എം.കോം ഫിനാൻസിൽ 39 വിദ്യാർത്ഥികളും ചേർത്ത് ആകെ 443 വിദ്യാർത്ഥികൾ പഠനം നടത്തുന്നുണ്ട്. |
| (ബി) | പ്രസ്തുത കോളേജിന്റെ ഭൗതിക സാഹചര്യം മെച്ചപ്പെടുത്തുന്നതിനായി കിഫ്ബി ഫണ്ടുപയോഗപ്പെടുത്തി നിർമ്മിക്കാനുദ്ദേശിക്കുന്ന കെട്ടിടത്തിന്റെ നിർമ്മാണം നിലവിൽ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കുമോ; | (ബി) | കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തിയ കോളേജിന്റെ DPR തയ്യാറാക്കൽ അവസാന ഘട്ടത്തിലാണ്. DPR തയ്യാറാക്കുന്നതിനായി KITCO യെ ആണ് ചുമതലപ്പെടുത്തിയിരിക്കുന്നത്. DPR തയ്യാറാക്കി കിഫ്ബി അനുമതി ലഭ്യമായ ശേഷം നിർമ്മാണ പ്രവൃത്തി ആരംഭിക്കാവുന്നതാണ്. പ്രസ്തുത പ്രവൃത്തിക്കായി 9.84 കോടി രൂപ കിഫ്ബി വകയിരുത്തിയിട്ടുണ്ട്. നിർമ്മാണ ചുമതല നിലവിൽ നൽകിയിരിക്കുന്നത് KSITIL നു ആണ്. |
| (സി) | പ്രസ്തുത പ്രവൃത്തിക്കായി കിഫ്ബി എത്ര തുകയാണ് നീക്കിവെച്ചിട്ടുള്ളതെന്നും നിർമ്മാണച്ചുമതല ഏത് ഏജൻസിയെ ആണ് ഏല്പിച്ചിട്ടുള്ളതെന്നും അറിയിക്കുമോ; | (സി) | കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തിയ കോളേജിന്റെ DPR തയ്യാറാക്കൽ അവസാന ഘട്ടത്തിലാണ്. DPR തയ്യാറാക്കുന്നതിനായി KITCO യെ ആണ് ചുമതലപ്പെടുത്തിയിരിക്കുന്നത്. DPR തയ്യാറാക്കി കിഫ്ബി അനുമതി ലഭ്യമായ ശേഷം നിർമ്മാണ പ്രവൃത്തി ആരംഭിക്കാവുന്നതാണ്. പ്രസ്തുത പ്രവൃത്തിക്കായി 9.84 കോടി രൂപ കിഫ്ബി വകയിരുത്തിയിട്ടുണ്ട്. നിർമ്മാണ ചുമതല നിലവിൽ നൽകിയിരിക്കുന്നത് KSITIL നു ആണ്. |
| (ഡി) | നിലവിൽ കോളേജ് പ്രവർത്തിച്ചുവരുന്ന സ്ഥലത്തിന്റെ ഉടമസ്ഥത പഞ്ചായത്തിൽ നിന്നും ഉന്നത വിദ്യാഭ്യാസ വകുപ്പിന് വിട്ടുകിട്ടാനുള്ള നടപടി ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ? | (ഡി) | നിലവിൽ കോളേജ് പ്രവർത്തിച്ച് വരുന്ന പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള ഭൂമി കോളേജ് വിദ്യാഭ്യാസ വകുപ്പിന് കീഴിലേക്ക് മാറ്റുന്നതിനായി ജില്ലാ കളക്ടർക്ക് അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. കൂടാതെ |

| | | | |
|---|---|---|---|
| | | | ഭൂമി വിട്ടു നൽകുന്നതിനായി NOC ലഭ്യമാക്കുന്നതിനായി പഞ്ചായത്ത് വകുപ്പിൽ അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ